# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1655** **25.03.2013 ലെ മറുപടിക്ക്**

## ഭരണഭാഷ മലയാളം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ:<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഹൈബി ഈഡൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | മലയാളം ഭരണഭാഷയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന സർക്കാരിന്റെ നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി നാളിതുവരെ ഘട്ടം ഘട്ടമായി 72 സർക്കാർ വകുപ്പുകളിലും 31 സ്വയംഭരണ സ്ഥാപനങ്ങളിലും 44 പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങളിലും ഔദ്യോഗിക ഭാഷ മലയാളമാക്കിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ഭാഷാ മാറ്റ പുരോഗതി അവലോകനം ചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഉന്നതതല സമിതിയും ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിലുള്ള സംസ്ഥാനതല സമിതിയും ജില്ലാ കളക്ടറുടെ അധ്യക്ഷതയിലുള്ള ജില്ലാതല സമിതിയും തഹസീൽദാരുടെ അധ്യക്ഷതയിലുള്ള താലൂക്കുതല സമിതിയും പ്രവർത്തിച്ചു വരുന്നു. ഭരണഭാഷാ വ്യാപനത്തിന്റെ ഭാഗമായി പരിഭാഷാ സെല്ലുകളുടെ രൂപീകരണം, ഏകോപനാധികാരികളുടെ നിയമനം എന്നിവ നടക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളുടെയും വാഹനങ്ങളുടെയും ബോർഡുകൾ മലയാളത്തിലാക്കിയിട്ടുണ്ട്. വകുപ്പുതല പദകോശത്തിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സർക്കാർ വെബ് സൈറ്റിലെ വിവരങ്ങൾ മലയാളത്തിൽക്കൂടി ലഭ്യമാക്കുന്നതിനും മലയാളത്തിൽ ഫാറങ്ങൾ, രജിസ്റ്ററുകൾ തുടങ്ങിയവ അച്ചടിക്കുന്നതിനും ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ 2012 നവംബർ 1 മുതൽ ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആചരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | വകുപ്പ് തലങ്ങളിൽ ഔദ്യോഗിക ഭാഷാ സമിതികൾ രൂപവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | 9.7.2012-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്)നം.33/2012/ഉഭപവ പ്രകാരം വകുപ്പുതല ഔദ്യോഗിക ഭാഷാ സമിതികൾ രൂപീകരിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ ഭാഷാ സമിതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) | 13-ാം കേരള നിയമസഭയുടെ ഔദ്യോഗിക ഭാഷ സംബന്ധിച്ച സമിതി (2011-2014)-യുടെ ഒന്നാമത് റിപ്പോർട്ടിൽ ഔദ്യോഗിക ഭാഷാ മാറ്റ പുരോഗതി ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പുതല സമിതികൾ രൂപീകരിക്കണമെന്ന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് വകുപ്പുതല ഭാഷാ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. മലയാളം ഭരണഭാഷയായിരിക്കണമെന്ന സർക്കാരിന്റെ നയം വിജയിപ്പിക്കുന്നതിന് വകുപ്പുതല പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്ന ലക്ഷ്യത്തോടെയാണ് ഈ സമിതികൾ രൂപീകരിച്ചിട്ടുള്ളത്. മലയാളം ഔദ്യോഗിക ഭാഷയായി പ്രഖ്യാപിച്ചിട്ടുള്ള എല്ലാ വകുപ്പുകളിലും അതത് വകുപ്പുതലവൻമാർ അധ്യക്ഷനായി വകുപ്പുതല സമിതികൾ രൂപീകരിക്കാൻ നിർദേശം നൽകിയിട്ടുണ്ട്. ഈ സമിതി മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരേണ്ടതും ഔദ്യോഗിക ഭാഷാ വകുപ്പിന്റെ ഒരു പ്രതിനിധിയെ നിരീക്ഷകനായി പങ്കെടുപ്പിക്കേണ്ടതുമാണ് എന്നും വകുപ്പുതല സമിതിയുടെ ചർച്ചകളും തീരുമാനങ്ങളും നടപടിക്കുറിപ്പിലുൾപ്പെടുത്തി സർക്കാരിനെ ബന്ധപ്പെട്ട വകുപ്പുതലവൻമാർ അറിയിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്. വകുപ്പുകളിൽ ഭാഷാമാറ്റം സംബന്ധിച്ച് പ്രായോഗിക തലത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനും സർക്കാർ നിർദേശങ്ങൾ നടപ്പിലാക്കുന്നതിനും സഹായിക്കുംവിധം കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക എന്നതാണ് വകുപ്പുതല സമിതികളുടെ പ്രധാന കർത്തവ്യം. |

| | | | |
|---|---|---|---|
| (ഡി) | ഈ സമിതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാനും ഉറപ്പുവരുത്തുവാനും എന്തെല്ലാം ഭരണതല സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ? | (ഡി) | വകുപ്പുതല സമിതികളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുവാൻ സർക്കാർതലത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഔദ്യോഗിക ഭാഷാ വകുപ്പിന്റെ ഒരു പ്രതിനിധിയെ മൂന്ന് മാസത്തിലൊരിക്കൽ ചേരുന്ന യോഗത്തിൽ നിരീക്ഷകനായി പങ്കെടുപ്പിക്കണമെന്നും വകുപ്പുതല സമിതി യോഗങ്ങളുടെ ചർച്ചകളും തീരുമാനങ്ങളും നടപടിക്കുറിപ്പിലുൾപ്പെടുത്തി സർക്കാരിന് സമർപ്പിക്കണമെന്നും എല്ലാ വകുപ്പുതലവൻമാർക്കും കർശന നിർദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**